# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 644 29/06/2015-ൽ മറുപടിയ്ക്ക്

## കൈത്താങ്ങ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ജോസഫ് വാഴയ്ക്കൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(ബഹു. പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി ക്ഷേമത്തിനായി 'കൈത്താങ്ങ്' എന്ന പദ്ധതിയ്ക്ക് രൂപം നല്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിനായി 2013-14-ൽ ആരംഭിച്ച പദ്ധതിയാണിത്. പട്ടികവർഗ്ഗ ത്തിൽപ്പെട്ടവരും മാതാപിതാക്കൾ മരിച്ചതോ, ഉപേക്ഷിച്ചതോ ആയ കുട്ടികൾ/ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടുകയും, ജീവിച്ചിരിക്കുന്നയാൾ മനോരോഗിയോ, തളർവാതം, കാൻസർ, റ്റി.ബി. തുടങ്ങിയ മാരകരോഗിയോ ആണെങ്കിൽ അവരുടെ കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ടി കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നവർക്കാണ് ധനസഹായം അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| (സി)<br>&<br>(ഡി) | അനാഥരായ ആദിവാസി കുട്ടികളെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;<br><br>പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായ- — ങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (സി)<br>&<br>(ഡി) | അനാഥരായ പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണമേറ്റെടുക്കുന്ന രക്ഷിതാക്കൾക്ക് പ്രതിമാസം 1000/- രൂപ ധനസഹായം അനുവദിക്കുന്നു. ടി തുക വ്യവസ്ഥകൾ ഇല്ലാതെ രക്ഷിതാവിന് ടിയാന്റെ സംരക്ഷണയിലുള്ള കുട്ടിയുടെ വിദ്യാഭ്യാസം, ആഹാരം, ചികിത്സ തുടങ്ങിയ ചെലവുകൾക്ക് ഉപയോഗി ക്കാവുന്നതാണ്.<br><br>ടി തുക രക്ഷിതാവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കുകയാണ് ചെയ്തു വരുന്നത്. കുട്ടികൾ വളർന്ന് സ്വയംതൊഴിൽ കണ്ടെത്തുന്നതു വരെയോ, 18 വയസ്സ് പൂർത്തിയാകുന്നതുവരെയോ ഇത്തരത്തിൽ തുക പദ്ധതി പ്രകാരം നല്കുന്നു. |

**സെക്ഷൻ ഓഫീസർ**